കേരള കാർഷിക സർവ്വകലാശാല
കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം
സദാനന്ദപുരം പി ഒകൊല്ലം,കൊട്ടാരക്കര ,
ഫോൺ: 2663535-0474 ഇ മെയിൽ-:fsrskottarakkara@kau.in

നമ്പർ : എഫ്.എസ് (2) 753/2013 തീയതി: 03/03/2021

## പുനർ ലേല പരസ്യം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിലെ ഫാമിൽ നില്ക്കുന്ന 16 മാഞ്ചിയം മരങ്ങൾ മുറിച്ച് വില്ക്കുവാൻ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ടെൻഡറുകൾ ക്ഷണിച്ച് കൊള്ളുന്നു

ടെൻഡറുകൾ മുദ്രവെച്ച കവറിൽ **"മാഞ്ചിയം മരങ്ങൾ മുറിച്ച് വില്ക്കുന്നതിനുള്ള ടെൻഡർ"** എന്ന് രേഖപ്പെടുത്തി പ്രൊഫസർ & ഹെഡ്, എഫ്. എസ്.ആർ.എസ് സദാനന്ദപുരത്തിന് 18/03/2021 ന് 2 പി. എം ന് മുൻപ് ലഭിക്കേണ്ടതാണ്. 18/03/2021 ന് 2.30 മണിയ്ക്ക് ടെൻഡറുകൾ തുറക്കുന്നതിന് മുൻപായി പരസ്യലേലം ഉണ്ടായിരിക്കുന്നതാണ്. ടെൻഡർ സമർപ്പിച്ച വ്യക്തിക്കോ, അവർ ചുമതലപ്പെടുത്തിയവർക്കോ മാത്രമേ ടി ലേലത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ലേലത്തിന് ശേഷം ടെൻഡറുകൾ തുറക്കുന്നതാണ്. ടി ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായാൽ, തൊട്ടടുത്ത ദിവസം തുറക്കുന്നതാണ്. ടെൻഡറിനൊപ്പം താഴെപറയുന്ന ആധികാരികരേഖകൾ ഉൾക്കൊള്ളിക്കേണ്ടതാണ്.

1. നിശ്ചിത ടെൻഡർ ഫോമിൽ നിരക്ക് (GSTഉൾപ്പടെ) രേഖപ്പെടുത്തിയിരിക്കണം http://www.kau.in/tenders പോർട്ടലിൽ ലഭ്യമാണ്
2. ടെൻഡർ നിബന്ധനകൾ അംഗീകരിക്കുന്ന കണ്ടീഷൻസ് (അനുബന്ധമായി ചേർത്തിട്ടുള്ളതാണ്) ഒപ്പ് വച്ച് സമർപ്പിക്കണം
3. ടെൻഡർ ഫോം ഫീസ്, 105 രൂപയും EMD 5000/- രൂപയും പ്രൊഫസ്സർ & ഹെഡിന്റെ പേരിൽ SBI പുലമൺ ശാഖയിൽ ഓൺലൈനായോ (A/c. No. 57022977874) ഓഫീസിൽ നേരിട്ടോ ഒടുക്കുക.
4. വ്യക്തിയുടെ തിരിച്ചറിയൽ കാർഡ്, പാൻ കാർഡ് എന്നിവയുടെ പകർപ്പ്

ടെൻഡർ/ലേലം ഇവയിൽ ഏതിലാണോ കൂടുതൽ തുക രേഖപ്പെടുത്തിയിട്ടുള്ളത് ടി വ്യക്തിയുടെ/സ്ഥാപനത്തിന്റെ പേർക്ക് ടെൻഡർ/ലേലം ഉചിതമെന്ന് കണ്ടാൽ ഉറപ്പിയ്ക്കുന്നതാണ്. അന്നേ ദിവസം ടെൻഡർ തുകയുടെ **20%** തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി(EMD ഉൾപ്പടെ) പ്രൊഫസർ & ഹെഡ്, എഫ്. എസ്.ആർ.എസ് പേർക്ക് ഡി.ഡി ആയോ ക്യാഷ് ആയോ ഒടുക്കേതാണ്

അംഗീകാരം ലഭിച്ച തീയതി മുതൽ 7 ദിവസത്തിനകം ടെൻഡർ തുകയും ബാധകമായ നികുതിയും ഓഫീസിൽ ഒടുക്കേണ്ടതാണ്. ടി തീയതി മുതൽ നിശ്ചിത ദിവസത്തിനകം മരം മുറിച്ച് നീക്കം ചെയ്യേണ്ടതാണ്.

ഒപ്പ്
പ്രൊഫസർ & ഹെഡ്

നോട്ടീസ് ബോർഡ് 1, 2/ ഫാം മാനേജർ/
വില്ലേജ് ഓഫീസ്, വെട്ടിക്കവല/ പഞ്ചായത്ത് ഓഫീസ്, വെട്ടിക്കവല

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

**ടെൻഡറിന്റെ നിബന്ധനകൾ**

1. ടെൻഡറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ടെൻഡർ സമർപ്പിയ്ക്കുന്നതിന് മുൻപ് തന്നെ ഫാമിലെ മരങ്ങളുടെ നിലവിലെ അവസ്ഥ നേരിൽ കണ്ട് ബോധ്യപ്പെടേണ്ടതാണ്. മറ്റ് വിവരങ്ങൾക്ക് 0474 2663535 എന്ന ഫോൺ നമ്പരിൽ ഓഫീസ് സമയത്ത് ബന്ധപ്പെടേണ്ടതാണ്.
2. ടെൻഡർ ലഭിച്ചശേഷം ടെൻഡർ തുകയുടെ 20% തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി(EMD ഉൾപ്പടെ) പ്രൊഫസർ & ഹെഡ്, എഫ്. എസ്.ആർ.എസ് ന്റെ പേർക്ക് ഡി.ഡി ആയോ ക്യാഷ് ആയോ അന്നേ ദിവസം തന്നെ ഒടുക്കേണ്ടതാണ്. ടി തുക മരം മുറിച്ച് നീക്കം ചെയ്തതിന് ശേഷം പലിശ രഹിതമായി ബാധ്യതകളൊന്നുമില്ലെങ്കിൽ തിരികെ നൽകുന്നതാണ്.
3. യൂണിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചശേഷം പ്രസ്തുത ടെൻഡർ സമർപ്പിച്ച വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും ടി തീയതി മുതൽ 7 ദിവസത്തിനകം മൊത്തം തുകയും ബാധകമായ 18% നികുതിയും, എഫ്.എസ്.ആർ.എസ് സദാനന്ദപുരം, ന്റെ താഴെ പറയുന്ന അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്. A/C No: 57022977874 SBI, Pulamon Junction.
4. ടെൻഡർ സ്ഥിരീകരണത്തിന്റെ തീയതി മുതൽ 7 ദിവസത്തിനകം വ്യവസ്ഥകൾ അനുസരിച്ചുള്ള തുകകൾ യഥാസമയം അടച്ച് കരാറുകാരന്റെ ചെലവിൽ യൂണിവേഴ്സിറ്റിയുമായി ഇതനുസരിച്ചുള്ള ഉടമ്പടി 200/- രൂപ കേരള ഗവൺമെന്റ് വക മുദ്രപത്രത്തിൽ വയ്ക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്നപക്ഷം ടെൻഡർ അസ്ഥിരപ്പെടുത്തുന്നതും, യൂണിവേഴ്സിറ്റിയിൽ പ്രസ്തുത വ്യക്തി അടച്ചിട്ടുള്ളതായ എല്ലാ തുകകളും കണ്ടുകെട്ടി യൂണിവേഴ്സിറ്റിയുടെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. ഇതുമൂലം യൂണിവേഴ്സിറ്റിക്കുണ്ടാകാവുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്നതും ആയത് യൂണിവേഴ്സിറ്റിക്ക് ടിയാളിൽനിന്നും ഈടാക്കിയെടുക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതാണ്.
5. ഏറ്റവും കൂടിയ തുകയ്ക്ക് ടെൻഡർ സമർപ്പിച്ച വ്യക്തിയ്ക്ക് യൂണിവേഴ്സിറ്റി അന്തിമ തീരുമാനമെടുക്കുന്നതുവരെ സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി അപ്രകാരം പിൻവലിക്കുകയോ നിബന്ധന മൂന്ന് പ്രകാരമുള്ള തുക അടയ്ക്കാതിരിക്കുകയോ ചെയ്താൽ അയാൾ നിബന്ധന രണ്ട് പ്രകാരം അടച്ചിട്ടുള്ള തുക യൂണിവേഴ്സിറ്റിയിൽ മുതൽ കൂട്ടുവാനും അപ്രകാരം സംഭവിക്കുന്ന പക്ഷം യുക്തമായ തീരുമാനമെടുക്കുവാൻ യൂണിവേഴ്സിറ്റിയ്ക്ക് പൂർണ്ണ അധികാരമുള്ളതുമാകുന്നു.
6. ഏറ്റവും കൂടുതൽ തുകയ്ക്ക് ടെൻഡർ ചെയ്താലും യൂണിവേഴ്സിറ്റി അത് അംഗീകരിക്കാതെ വന്നാൽ പ്രസ്തുത വ്യക്തിക്ക് ടിയാൻ അടച്ച തുക പലിശരഹിതമായി മടക്കി നൽകുന്നതാണ്.
7. കരാർ നൽകിയിട്ടുള്ള സ്ഥലത്ത് യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥന്മാർക്ക് ഏത് സമയവും പരിശോധിക്കുവാനുള്ള അവകാശമുണ്ടായിരിക്കുന്നതാണ്.
8. കരാർ വ്യവസ്ഥയ്ക്ക് വിപരീതമായി കരാറുകാരനോ അവരുടെ തൊഴിലാളികളോ ഏജന്റോ പ്രവർത്തിക്കുന്നതായി യൂണിവേഴ്സിറ്റിയ്ക്ക് ബോധ്യമാകുകയോ, കരാർ കാലയളവിൽ തോട്ടം അതിർത്തിക്കുള്ളിലോ, സമീപ പ്രദേശത്തിനുള്ളിലോ കരാറുകാരനോ ടിയാന്റെ ഏജന്റോ, തൊഴിലാളികളോ നിയമം മൂലം നിരോധിക്കപ്പെട്ടിട്ടുള്ളതായ ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ ചെയ്യുന്നപക്ഷം തന്മൂലം ഉണ്ടാകുന്നതായ സകല കഷ്ടനഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദി ആയിരിക്കുന്നതും കരാറുകാരൻ യൂണിവേഴ്സിറ്റിയിൽ നിന്നും ഏറ്റെടുത്തിട്ടുള്ളതുമായ എല്ലാവിധ കരാർ ഇടപാടുകളും റദ്ദ് ചെയ്യുന്നതും യൂണിവേഴ്സിറ്റിയിലേക്ക് അടച്ചിട്ടുള്ള എല്ലാ തുകയും യൂണിവേഴ്സിറ്റി മുതലിലേയ്ക്ക് കണ്ടുകെട്ടി മുതൽക്കൂട്ടുന്നതുമായിരിക്കും. ആവശ്യമെന്ന് കണ്ടാൽ ശേഷിക്കുന്ന കാലയളവിലേയ്ക്ക് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ടെൻഡർ നടത്തുന്നതിനോ, സ്വന്തം ചുമതലയിൽ നേരിട്ടോ, അല്ലാതെയോ കരാർ

പ്രകാരമുള്ള പ്രവൃത്തികൾ നടത്തുന്നതിന് യൂണിവേഴ്സിറ്റിക്ക് തീരുമാനമെടുക്കാവുന്നതും ആയതിലേയ്ക്ക് ഉണ്ടാകാവുന്ന സകലവിധ ചെലവുകളും നഷ്ടവും കരാറുകാരനിൽനിന്നോ, ടിയാന്റെ മുതലുകളിൽനിന്നോ ഈടാക്കിയെടുക്കുന്നതിനും യൂണിവേഴ്സിറ്റിക്ക് അധികാരവും അവകാശവുമുണ്ടായിരിക്കും.

9. ടെൻഡർ തുകയ്ക്ക് പുറമെ വില്പന നികുതിയോ മറ്റ് ഏതെങ്കിലും നികുതികളോ നിയമം മൂലം ബാധകമാക്കുകയാണെങ്കിൽ ആയത് കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്. ഈ കരാർ പ്രവർത്തികൾക്ക് ഏതെങ്കിലും തരത്തിലുള്ള ലൈസൻസ് ആവശ്യമായാൽ ആയത് കരാറുകാരൻ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും എടുക്കേണ്ടതാണ്.

10. കരാറുകാരനിൽനിന്നോ, ഏജന്റിൽ നിന്നോ ടിയാന്റെ തൊഴിലാളികളിൽ നിന്നോ യൂണിവേഴ്സിറ്റി വക മറ്റ് വസ്തു വകകൾക്ക് ഏതെങ്കിലും നാശനഷ്ടം സംഭവിച്ചാൽ ഫാം മാനേജർ നിശ്ചയിക്കുന്ന നഷ്ടപരിഹാരത്തുക കരാറുകാരൻ ഉടനെ തന്നെ ഓഫീസിൽ അടയ്ക്കേണ്ടതാണ്. ഫാം മാനേജരുടെ ടി തീരുമാനം അന്തിമമായിരിക്കുന്നതും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

11. കരാറുകാരനോ, ഏജന്റോ ദർഘാസ് സ്ഥലത്തുനിന്നും തടി, വിറക് നീക്കം ചെയ്യുന്ന സമയത്ത് ഫാം മാനേജരിൽനിന്നും പാസ് വാങ്ങിയിരിക്കേണ്ടതാണ്. സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമായി പ്രവർത്തി സമയം മാത്രമേ ഇവ വെളിയിൽ കൊണ്ടുപോകാൻ പാടുള്ളൂ. ഫാം മാനേജർക്കും അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ, ടിയാന്റെ ഏജന്റ്, ടിയാന്റെ തൊഴിലാളികൾ, കരാറുകാരൻ കൊണ്ടുപോകുന്ന വാഹനങ്ങൾ മുതലായവ നിയന്ത്രിക്കുന്നതിന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

12. ടെൻഡർ തുകയും, 20% സെക്യൂരിറ്റി തുകയും ബാധകമായ എല്ലാ നികുതികളും അടച്ച് നിശ്ചിത കരാർ ഒപ്പിട്ടതിനുശേഷം മാത്രമേ ദർഘാസ് ഉറപ്പിച്ചു കിട്ടിയിട്ടുള്ള വ്യക്തികൾക്ക് ഫാമിൽ പ്രവേശിക്കുന്നതിനും മരം മുറിച്ച് മാറ്റുന്നതിനും അവകാശമുണ്ടായിരിക്കുകയുള്ളൂ.

13. ഏതെങ്കിലും കാരണവശാൽ കരാർ ഉപേക്ഷിച്ചുപോകുന്ന പക്ഷം യൂണിവേഴ്സിറ്റിക്ക് പുനർ ടെൻഡർ നടത്തുന്നതും ഇതുമൂലം യൂണിവേഴ്സിറ്റിയ്ക്കുണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽനിന്നും ഈടാക്കുന്നതുമാണ്.

14. യൂണിവേഴ്സിറ്റിയിലെ തൊഴിലാളികൾക്കോ, മറ്റ് ജീവനക്കാർക്കോ ടെൻഡറിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

15. മരം വില്പന സംബന്ധിച്ച ടെൻഡറിൽ ഇത് സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ നടത്തിപ്പിലോ എന്തെങ്കിലും തർക്കമുണ്ടാകുന്ന പക്ഷം പ്രൊഫസർ & ഹെഡ്, എഫ്.എസ്.ആർ.എസ്, സദാനന്ദപുരം അതിൽ തീർപ്പ് കല്പിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.

16. കരാർ നിയമപ്രകാരം യൂണിവേഴ്സിറ്റിക്കും കരാറുകാരനുമായി എന്തെങ്കിലും വ്യവഹാരങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന്റെ പരിധി കൊല്ലത്തുള്ള കോടതികളിൽ നിക്ഷിപ്തമായിരിക്കും.

17. കരാർ ഒപ്പിട്ടതിനുശേഷം നൽകുന്ന ഓർഡർ തീയതി മുതൽ നിശ്ചിത ദിവസത്തിനകം മരം മുറിച്ച്മാറ്റേണ്ടതാണ്. കരാറുകാരനോ, ടിയാളുടെ തൊഴിലാളികൾക്കോ, സമീപവാസികൾക്കോ മരം മുറിക്കുമ്പോഴുണ്ടായേക്കാവുന്ന അപകടങ്ങൾക്കോ കഷ്ടനഷ്ടങ്ങൾക്കോ യൂണിവേഴ്സിറ്റിയ്ക്ക് യാതൊരുവിധ ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

18. കരാർ ഏറ്റെടുക്കുന്നയാൾ കരാർ പൂർത്തിയാക്കിയതിനുശേഷം ഫാം മാനേജരിൽനിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കി 15 ദിവസത്തിനകം യൂണിവേഴ്സിറ്റിയ്ക്ക് എന്തെങ്കിലും തരത്തിലുള്ള തുക കരാറുകാരനിൽനിന്നും ഈടാക്കാനുണ്ടെങ്കിൽ ആയത് വസൂൽ ചെയ്തതിനുശേഷം ബാക്കിയുള്ള സെക്യൂരിറ്റി തുക തിരികെ നല്കുന്നതാണ്. സെക്യൂരിറ്റി തുകകൾക്ക് പലിശ നല്കുന്നതല്ല.

19. ടെൻഡറിൽ പങ്കെടുക്കുന്നവർ ടെൻഡറിൽ പങ്കെടുക്കുന്ന സമയത്തും കരാർ വയ്ക്കുന്നതിനായി വരുമ്പോഴും ഐഡന്റിറ്റി പ്രൂഫായി ആധാർകാർഡ്, പാൻ കാർഡ് എന്നിവ കൊണ്ടുവരേണ്ടതുമാണ്.

20. കരാർ ഉറപ്പിച്ചു കിട്ടിയ വ്യക്തി ടി അവകാശം മറ്റൊരാൾക്കും കൈമാറ്റം ചെയ്യാനോ മറിച്ചു നൽകാനോ പാടുള്ളതല്ല.

21. ഇരുപത്തിയൊന്ന് വയസ്സിൽ താഴെയുള്ളവർക്കും, ഇൻഡ്യൻ പൗരത്വമില്ലാത്തവർക്കും ടെൻഡറിൽ പങ്കെടുക്കുവാൻ അർഹതയില്ല. ഇന്ത്യൻ കരാർ വ്യവസ്ഥപ്രകാരം കരാർ ഒപ്പിടുവാൻ അർഹതയില്ലാത്തവരേയും ടെൻഡറിൽ പങ്കെടുപ്പിക്കുന്നതല്ല.

22. ടി - വ്യവസ്ഥകൾ കരാറിന്റെ ഭാഗമായിരിക്കുന്നതാണ്

23. ടെൻഡർ ഫോം ഫീസ്, 105 രൂപയും EMD 5000/- രൂപയും പ്രൊഫസ്സർ & ഹെഡിന്റെ പേരിൽ SBI പുലമൺ ശാഖയിൽ ഓൺലൈനായി ഒടുക്കണം.

24. ദർഘാസ്സുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 18/03/2021 2 PM വരെയാണ്. 18/03/2021 2.30 PM മണിയ്ക്ക് ടെൻഡറുകൾ തുറക്കുന്നതിന് മുൻപായി പരസ്യലേലം ഉണ്ടായിരിക്കുന്നതാണ്.

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
പ്രൊഫസർ & ഹെഡിനുവേണ്ടി
കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം,
കേരള കാർഷിക സർവ്വകലാശാലയ്ക്കുവേണ്ടി

മേൽ വ്യവസ്ഥകൾ വായിച്ചു നോക്കി പൂർണ്ണമായും അംഗീകരിച്ചിരിക്കുന്നു.

ഒപ്പ് :

പേര് :

തപാൽ മേൽ വിലാസം :

കേരള കാർഷിക സർവ്വകലാശാല സദാനന്ദപുരത്തെ കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിലെ 16 എണ്ണം മാഞ്ചിയം മരങ്ങൾ മുറിച്ച് വില്ക്കുന്നതിനുള്ള കരാറിന്റെ ദർഘാസ് വ്യവസ്ഥകൾ ഇന്നേദിവസം കൈപ്പറ്റിയിരിക്കുന്നു. ടി വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, ആയത് ഞാൻ അനുസരിക്കുന്നതുമായിരിക്കുമെന്നും ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

പേര്

തപാൽ മേൽ വിലാസം

കര

വില്ലേജ്

താലൂക്ക്

ജില്ല

പിൻ കോഡ്

ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ)

ലാന്റ് നമ്പർ :

മൊബൈൽ നമ്പർ :

ഒപ്പ്